ഉത്തരം

(എ) തീരുമാനം എടുത്തിരുന്നു.

(ബി) 16-10-1996-ൽ കൂടിയ ലോകഭക്ഷ്യപദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ ആവണിപ്പാറ ആദിവാസി കോളനിയിലേയ്ക്ക് അച്ചൻകോവിലാറിന് കുറുകെ നടപ്പാലം പണിയാൻ തീരുമാനം എടുത്തിരുന്നു. ആയത് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ 25-7-1997-ൽ കൂടിയ എസ്.എൽ.സി.സി. മീറ്റിംഗിൽ മുമ്പ് അംഗീകരിച്ചിരുന്ന പല ജോലികളും ഒഴിവാക്കിയതിൽ പ്രസ്തുത ജോലിയും ഒഴിവാക്കി തീരുമാനം ഉണ്ടായതിനാൽ അനന്തര നടപടികൾ നിർത്തി വയ്ക്കുകയുണ്ടായി.

(സി) പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പ് ഗവൺമെന്റ് സെക്രട്ടറി നടപ്പാലം പണിയാനുള്ള നടപടി സ്വീകരിക്കാൻവേണ്ടി വനംവകുപ്പുമായി കത്തിടപാട് നടത്തിയിരുന്നു.

(ഡി) 18-10-2000-ൽ കൂടിയ കോന്നി ഫോറസ്റ്റ് ഡിവിഷൻ ആദിവാസിക്ഷേമ സെല്ലിന്റെ സുരക്ഷ-പ്രഥമ യോഗത്തിൽ ആവണിപ്പാറക്കടവിൽ ഒരു തൂക്കുപാലം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉദ്ദേശം 7.5 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ടി പാലം പണി വനംവകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിലെ റോഡ്

10 (1161) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിൽ പ്രത്യേക ഘടക പദ്ധതിപ്രകാരം അനുവദിച്ച റോഡുകളിൽ ഏതിന്റെയെങ്കിലും പണി പൂർത്തിയാക്കാതെയുണ്ടോ ; എങ്കിൽ ഏതെല്ലാം റോഡുകളാണെന്നും ഇവ പൂർത്തീകരിക്കാതിരിക്കാനുള്ള കാരണമെന്താണെന്നും വിശദീകരിക്കാമോ ;

(ബി) ഈ റോഡുകൾ പണി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

ആട്ടോണമസ് സ്ഥാപനങ്ങളിലെ നിയമനത്തിലെ സംവരണതത്വം

11 (1162) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly